# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 29.08.2025**

### പ്രധാനവാർത്തകൾ

1) ഇന്ത്യ-ജപ്പാൻ പങ്കാളിത്തം ലോക സമാധാനത്തിനും, സുസ്ഥിരതയ്ക്കും അനിവാര്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ടോക്യോയിൽ നടന്ന 15-മത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുത്തു.

2) മത്സ്യ സമ്പദ യോജനയുടെ കീഴിൽ തൃശൂർ എടക്കഴിയൂരിൽ നിർമിക്കുന്ന സംയോജിത തീരദേശ മത്സ്യ ഗ്രാമത്തിൻറെ നിർമാണോദ്ഘാടനം കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ നിർവഹിച്ചു.

3) മണ്ണിടിച്ചിലുണ്ടായ താമരശ്ശേരി ചുരം റോഡ് വഴി KSRTC ഉൾപ്പെടെയുള്ള വാഹനങ്ങൾ നിയന്ത്രണ വിധേയമായി കടത്തിവിടാൻ തീരുമാനം.

4) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ചികിത്സാ പിഴവിൽ ഡോക്ടർക്കെതിരെ പൊലീസ് കേസെടുത്തു.

5) ഓളപ്പരപ്പുകളിൽ ആവേശം ഉയർത്തി 71-ാമത് നെഹ്റു ട്രോഫി ജലോത്സവം നാളെ ആലപ്പുഴ പുന്നമട കായലിൽ.

RNU TVPM

6) ഏഷ്യാ കപ്പ് പുരുഷ ഹോക്കി ചാമ്പ്യൻഷിപ്പിൽ ചൈനയ്ക്കെതിരായ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്ക് ജയം

*********************

## പ്രധാനമന്ത്രി - ജപ്പാൻ (ഇൻട്രോ)

ഇന്ത്യ-ജപ്പാൻ പങ്കാളിത്തം ലോക സമാധാനത്തിനും, സുസ്ഥിരതയ്ക്കും അനിവാര്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ടോക്യോയിൽ, ജാപ്പനീസ് പ്രധാനമന്ത്രി ഷിഗേരു ഇഷിബയ്ക്കൊപ്പം 15-മത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പങ്കെടുത്ത ശേഷം മാധ്യമങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇരു രാജ്യങ്ങൾക്കുമിടയിലെ ഉഭയകക്ഷി ബന്ധത്തിൻറെ എല്ലാ വശങ്ങളും നേതാക്കൾ വിലയിരുത്തി. ശക്തമായ ജനാധിപത്യങ്ങൾക്കിടയിലെ അടുത്ത ബന്ധം മെച്ചപ്പെട്ട ലോകസൃഷ്ടിക്ക് വഴിയൊരുക്കുമെന്നും ശ്രീ മോദി പറഞ്ഞു. ജാപ്പനീസ് സാങ്കേതിക വിദ്യയും, ഇന്ത്യൻ നൈപുണ്യവും വിജയകരമായ കൂട്ടായ്മയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

(ഹോൾഡ്)

പരിഷ്ക്കരണത്തിന് ഉതകുന്ന നൂതനാശയങ്ങൾ ലോകത്തിന് നൽകുന്ന രാജ്യമാണ് ഇന്ത്യയെന്ന് ജാപ്പനീസ് പ്രധാനമന്ത്രി വ്യക്തമാക്കി. അനന്ത സാധ്യതകളുള്ള വിശാല വിപണിയും ഇന്ത്യയുടെ പ്രത്യേകതയാണെന്ന് അദ്ദേഹം പറഞ്ഞു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ജപ്പാനിലെത്തിയ ശ്രീ മോദി ഇന്ന് ഇന്ത്യ-ജപ്പാൻ സാമ്പത്തിക ഫോറത്തെയും അഭിസംബോധന ചെയ്തിരുന്നു. മറ്റന്നാൾ ചൈനയിലെത്തുന്ന പ്രധാനമന്ത്രി ഷാങ്ഹായ് സഹകരണ സംഘടനയുടെ 25-മത് നേതൃതല ഉച്ചകോടിയിൽ പങ്കെടുക്കും.

*********************

## ജോർജ്ജ് കുര്യൻ

രാജ്യം വികസിതമാകണമെങ്കിൽ ഓരോ കുടുംബവും വികസിക്കണമെന്നും വ്യക്തിഗത വരുമാനം വർദ്ധിപ്പിക്കാൻ എല്ലാവരും കഠിനമായി പരിശ്രമിക്കണമെന്നും കേന്ദ്ര സഹമന്ത്രി

RNU TVPM

ജോർജ് കുര്യൻ. പ്രധാൻ മന്ത്രി മത്സ്യ സമ്പദ യോജനയുടെ ഭാഗമായി തൃശൂർ എടക്കഴിയൂരിൽ നിർമിക്കുന്ന സംയോജിത ആധുനിക തീരദേശ മത്സ്യ ഗ്രാമത്തിന്റെ നിര്മാണോദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്രത്തിനൊപ്പം നിലകൊള്ളുന്ന സംസ്ഥാന സർക്കാരിനെ കേന്ദ്ര സഹമന്ത്രി അഭിനന്ദിച്ചു. കേരളത്തിൽ, 9 തീരദേശ മത്സ്യബന്ധന ഗ്രാമങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

**********************

## താമരശ്ശേരി ചുരം(ഇൻട്രോ)

മണ്ണിടിച്ചിലുണ്ടായ താമരശ്ശേരി ചുരം റോഡ് വഴി KSRTC ഉൾപ്പെടെയുള്ള വാഹനങ്ങൾ നിയന്ത്രണ വിധേയമായി കടത്തിവിടും. എന്നാൽ മൾട്ടിആക്സിൽ വാഹനങ്ങൾക്കുള്ള നിരോധനം തുടരും. കോഴിക്കോട് ജില്ല കളക്ടർ സ്നേഹിൽ കുമാർ സിങ്ങിൻറെ അധ്യക്ഷതയിൽ ഓൺലൈനായി ചേർന്ന യോഗത്തിലാണ് തീരുമാനം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു....

(വോയ്സ്)

RNU TVPM

**********************

## വീണാ ജോർജ് - കായകല്പ പുരസ്കാരം (ഇൻട്രോ)

ആയുഷ് രംഗത്ത് ആഗോള പ്രശസ്തിയുള്ള ഭൂപ്രദേശമാണ് കേരളമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. പ്രഥമ കേരള ആയുഷ് കായകല്പ പുരസ്കാര വിതരണം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ആയുഷ് രംഗത്തെ സംസ്ഥാനത്തിൻറെ മികച്ച പ്രവർത്തന ഫലമായി കേന്ദ്ര വിഹിതത്തിൽ പത്തിരട്ടി വർദ്ധനയുണ്ടായതായും ശ്രീമതി വീണാജോർജ് അറിയിച്ചു.

( VOICE BYTE).

**********************

## GH ചികിത്സാ പിഴവിൽ കേസെടുത്തു

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ചികിത്സാ പിഴവിൽ ഡോക്ടർക്കെതിരെ പൊലീസ് കേസെടുത്തു. ചികിത്സാ പിഴവിന് ഇരയായ സുമയ്യയുടെ മൊഴിയുടെ അടിസ്ഥാനത്തിലാണ് ഡോക്ടർ രാജീവ് കുമാറിനെതിരെ തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് കേസ് എടുത്തത് .

*********************

## അമീബിക് മസ്തിഷ്ക ജ്വരം

അമീബിക്ക് മസ്തിഷ്ക ജ്വരം തടയാൻ ജല സ്രോതസുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനായി ആരോഗ്യ വകുപ്പ് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ജനകീയ ക്യാമ്പയിൻ ആരംഭിക്കുന്നു. ഇതിന്റെ ഭാഗമായി നാളെയും മറ്റന്നാളും സംസ്ഥാനത്തെ മുഴുവൻ വീടുകളിലേയും സ്ഥാപനങ്ങളിലേയും കിണറുകൾ ക്ലോറിനേറ്റ് ചെയ്യുകയും ജലസംഭരണ ടാങ്കുകൾ തേച്ച് കഴുകി വൃത്തിയാക്കുകയും ചെയ്യണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ, ജലവിഭവ വകുപ്പ് എന്നിവയുടെ നേതൃത്വത്തിലാണ് ജനകീയ ക്യാമ്പയിൻ നടക്കുന്നത്.

RIUTVPM

*********************

## ദേശീയ കായിക ദിനം

ഇന്ന് ദേശീയ കായിക ദിനം. ഇതിഹാസ ഹോക്കി താരം മേജർ ധ്യാൻചന്ദിന്റെ ജന്മദിനമാണ് രാജ്യം കായികദിനമായി ആഘോഷിക്കുന്നത്. ഇതോടനുബന്ധിച്ച് ഫിറ്റ് ഇന്ത്യ മിഷൻ ഇന്നുമുതൽ മൂന്ന് ദിവസം രാജ്യവ്യാപക പരിപാടികൾ സംഘടിപ്പിക്കും.

*********************

## തുരങ്കപാത

വയനാട് ആനക്കാംപൊയിൽ -കള്ളാടി-മേപ്പാടി തുരങ്കപാതയുടെ നിർമ്മാണപ്രവൃത്തികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ നിർവഹിക്കും. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന തുരങ്കപാതയുടെ നിർമാണച്ചെലവ് 2,134 കോടി രൂപയാണ്. 8.73 കിലോമീറ്റർ ദൂരം വരുന്ന

പാതയുടെ 8.1 കിലോമീറ്റർ ഇരട്ട ടണൽ ആയാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡാണ് പാതയുടെ നിർവ്വഹണ ഏജൻസി.

*********************

## നെഹ്റു ട്രോഫി (ഇൻട്രോ)

ഓളപ്പരപ്പുകളിൽ ആവേശം ഉയർത്തി 71-ാമത് നെഹ്റു ട്രോഫി ജലോത്സവം നാളെ ആലപ്പുഴ പുന്നമട
കായലിൽ. ജലോത്സവത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി.
വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി
ആർ.രവികുമാർ.
(വോയ്സ്)

*********************

## എം ബി രാജേഷ് നെഹ്റുട്രോഫി

നെഹ്റുട്രോഫി ഫിനിഷിംഗ് പോയിൻറിൽ കാണികൾക്കായി അടുത്തവർഷം സ്ഥിരം പവലിയൻ നിർമ്മിക്കുമെന്ന് മന്ത്രി എം ബി രാജേഷ് . ആലപ്പുഴ നഗരസഭ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച നെഹ്റുട്രോഫി ഫൂട്ട് ഓവർ ബ്രിഡ്ജ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

*********************

## ജോർജ് കുര്യൻ-ചങ്ങനാശ്ശേരി പുതിയ സ്റ്റോപ്പ്

മംഗളൂരു സെൻട്രൽ – തിരുവനന്തപുരം സെൻട്രൽ എക്സ്പ്രസിന് ചങ്ങനാശ്ശേരി സ്റ്റേഷനിൽ പുതിയ സ്റ്റോപ്പ് അനുവദിച്ചതിന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവിനു നന്ദി അറിയിച്ച് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ . തീരുമാനം , ദൈനംദിന യാത്രക്കാർക്കും, വിദ്യാർത്ഥികൾക്കും, മുതിർന്ന പൗരന്മാർക്കും ഏറെ പ്രയോജനപ്പെടുമെന്ന് ശ്രീ ജോർജ് കുര്യൻ സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

*********************

## ആർ. ബിന്ദു

കേരളത്തെ വിജ്ഞാന സമൂഹമാക്കി മാറ്റുന്നതിന് ഊന്നൽ നൽകി ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമഗ്ര പരിഷ്കാരങ്ങളാണ് നടന്നുവരുന്നതെന്ന് മന്ത്രി ആർ. ബിന്ദു. വിദ്യാഭ്യാസവും തൊഴിലും

RNU TVPM

തമ്മിലുള്ള അന്തരം നികത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും കൊച്ചിയിൽ സ്കിൽ കേരള ഗ്ലോബൽ സമ്മിറ്റ് - 2025 ഉദ്ഘാടനം ചെയ്യുകൊണ്ട് മന്ത്രി വ്യക്തമാക്കി. നിർമ്മിത ബുദ്ധി , ഡാറ്റാ സയൻസ് തുടങ്ങിയ പുതിയ സാങ്കേതികവിദ്യകൾ തൊഴിൽ മേഖലയെ അതിവേഗം മാറ്റിക്കൊണ്ടിരിക്കുകയാണെന്നും ഈ സാഹചര്യത്തിൽ, വിദ്യാഭ്യാസ രീതികൾ മാറേണ്ടത് അത്യാവശ്യമാണെന്നും മന്ത്രി പറഞ്ഞു.

**********************

## കെൽട്രോൺ -സിംബാബ്‌വെ

കെൽട്രോൺ ഉത്പന്നങ്ങളും സേവനങ്ങളും ഇനി ആഫ്രിക്കൻ രാഷ്ട്രമായ സിംബാബ്‌വെയിലും ലഭ്യമാകും. കൊച്ചിയിൽ നടന്ന ചടങ്ങിൽ വ്യവസായമന്ത്രി പി. രാജീവും സിംബാബ്‌വെ വാണിജ്യ സഹമന്ത്രിയും ഇത് സംബന്ധിച്ച പർച്ചേസ് ഓർഡർ കൈമാറി. ആദ്യഘട്ടത്തിൽ കെൽട്രോൺ ലാപ് ടോപ്പുകളുടെ വിതരണ-നിർമ്മാണത്തിനുള്ള പർച്ചേസ് ഓർഡർ ആണ് കൈമാറിയത്. ഭാവിയിൽ കെൽട്രോണിൻറെ ട്രാഫിക് ലൈറ്റുകൾ, സോളാർ സംവിധാനങ്ങൾ, വിജ്ഞാന സേവനങ്ങൾ തുടങ്ങിയവയും സിംബാബ്‌വെയിൽ ലഭ്യമാക്കും.

RNU TVPM

**********************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് മറ്റന്നാൾ രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 125-ാം പതിപ്പാണിത്. ആകാശവാണിയുടെ എല്ലാ നിലയങ്ങളിലൂടെയും ദൂരദർശനിലൂടെയും പരിപാടി കേൾക്കാവുന്നതാണ്.

**********************

## ഹോക്കി

പന്ത്രണ്ടാമത് ഏഷ്യാ കപ്പ് പുരുഷ ഹോക്കി ചാമ്പ്യൻഷിപ്പിൽ ചൈനയ്ക്കെതിരായ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്ക് ജയം. 3 നെതിരെ നാല് ഗോളുകൾക്കാണ് ഇന്ത്യ വിജയം കുറിച്ചത്. ക്യാപ്റ്റൻ ഹർമൻ

പ്രീതിൻറെ ഹാട്രിക്ക് ഇന്ത്യൻ വിജയത്തിൽ
നിർണായകമായി. ബിഹാറിലാണ് ടൂർണമെൻറ് നടക്കുന്നത്.

**********************

<u>മഴ</u>

സംസ്ഥാനത്ത് പരക്കെ മഴയ്ക്ക് സാധ്യത. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം , കൊല്ലം, പത്തനംതിട്ട, കോഴിക്കോട്, വയനാട് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

**********************

<u>ഇടുക്കി, ചെറുതോണി ഡാമുകൾ</u>

ഇടുക്കി, ചെറുതോണി ഡാമുകൾ പൊതുജനങ്ങൾക്ക് സെപ്റ്റംബർ 1 മുതൽ നവംബർ 30 വരെ
സന്ദർശനത്തിന് തുറന്നുകൊടുക്കാൻ സർക്കാർ അനുമതി നൽകി. എന്നാൽ ബുധനാഴ്ചകളിലും വെള്ളം തുറന്ന് വിടേണ്ട ദിവസങ്ങളിലും മഴ മുന്നറിയിപ്പുണ്ടാകുന്ന അവസരങ്ങളിലും പ്രവേശനം അനുവദിക്കില്ല.

RNUTVPM

**********************

**************

********